(സി ആന്റ് ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയശേഷം നടപടിക്രമങ്ങൾ പൂർത്തിയാക്കി ദർഘാസ് ക്ഷണിക്കുന്നതാണ്.

(ഇ) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

പാരലൽ ട്യൂട്ടോറിയൽ കോളേജുകളിലെ എസ്.സി./എസ്.റ്റി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുവാൻ നടപടി

166 [2273] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ, ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഇപ്പോൾ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ബി) പാരലൽ, ട്യൂട്ടോറിയൽ കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) പ്രീഡിഗ്രി നിലവിലുണ്ടായിരുന്നപ്പോൾ എല്ലാ എസ്.സി./എസ്.റ്റി./ഒ.ഇ.സി. വിഭാഗങ്ങൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിയിരുന്നു. എന്നാൽ പ്ലസ് ടു നിലവിൽവന്നശേഷം എസ്.റ്റി./ഒ.ഇ.സി. (അദർ എലിജിബിൾ കാറ്റഗറി)-ക്ക് മാത്രം ഈ ആനുകൂല്യം നൽകിവരുന്നു.

എസ്.സി./ഒ.ഇ.സി. വിഭാഗത്തിനും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശാസ്ത്ര-സാങ്കേതിക ശാസ്ത്ര ബിരുദ വിദ്യാർത്ഥികൾക്ക് വിദേശ തൊഴിൽ മേഖലയിൽ നിന്ന് പിൻതള്ളപ്പെടാതിരിക്കാൻ മുൻകരുതൽ

167 [2283] ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ കെ. എ. ചന്ദ്രൻ:
„ എൻ. ഡി. അപ്പച്ചൻ:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജ്ഞാന രംഗത്തുണ്ടാകുന്ന ആനുകാലിക പ്രവണതകളെപ്പറ്റി വിദ്യാർത്ഥികൾക്ക് മതിയായ അറിവ് നൽകുന്നതിന് നമ്മുടെ സർവ്വകലാശാലകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തു നിന്നും വിദ്യാഭ്യാസം കരസ്ഥമാക്കി വിദേശത്ത് തൊഴിലന്വേഷിച്ച് പോകുന്നവർ പിൻതള്ളപ്പെടാതിരിക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ വിദ്യാഭ്യാസ രംഗത്ത് എടുത്തിട്ടുണ്ട്;

(സി) നമ്മുടെ സർവ്വകലാശാലകളിലെ ശാസ്ത്ര സാങ്കേതിക ശാസ്ത്ര വിഷയങ്ങളുടെ സിലബസ് ഏറ്റവും ഒടുവിൽ പരിഷ്കരിച്ചതെപ്പോഴാണ് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വിജ്ഞാന രംഗത്തുണ്ടാകുന്ന ആനുകാലിക പ്രവണതകളെപ്പറ്റി വിദ്യാർത്ഥികൾക്ക് അറിവ് നൽകുന്നതിന് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ മുഖേന കരിയർ ഗൈഡൻസ്, കരിയർ കൗൺസിലിംഗ് തുടങ്ങിയവ നടത്തുകയും സെമിനാറുകൾ, വർക്ക് ഷോപ്പുകൾ മുതലായവ സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ ഇന്റർനെറ്റ് സൗകര്യം, മെച്ചപ്പെട്ട ലൈബ്രറി എന്നിവ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളായ കമ്പ്യൂട്ടർ സയൻസ്, ഇ-കോമേഴ്സ്, ബയോ ടെക്നോളജി തുടങ്ങിയവയിൽ പഠനത്തിനും ഗവേഷണത്തിനും സൗകര്യം നൽകുന്നു.

(ബി) വിദേശത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് ഭാഷാ പരിജ്ഞാനം ലഭിക്കാൻ യു.ജി.സി.-യുടെ സഹായത്തോടെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, ഫങ്ഷണൽ ഇംഗ്ലീഷ്, ഫങ്ഷണൽ ഹിന്ദി, ഫങ്ഷണൽ അറബിക് തുടങ്ങിയ കോഴ്സുകൾ കേരള സർവ്വകലാശാല നടത്തുന്നു. കൊച്ചിൻ സർവ്വകലാശാല തൊഴിൽ രംഗത്ത് മാർഗ്ഗനിർദ്ദേശം നൽകുന്നതിനായി എംപ്ലോയ്മെന്റ് ഗൈഡൻസ് ബ്യൂറോയുടെ സഹായം, ധാരാളം വിദേശ സർവ്വകലാശാലകളുമായി എക്സ്ചേഞ്ച് പ്രോഗ്രാം തുടങ്ങിയവയും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നു. പഠന നിലവാരം കൂറ്റമറ്റതും കിടയറ്റതുമാക്കാനുള്ള ശ്രമങ്ങൾ സർവ്വകലാശാലകൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) കേരള സർവ്വകലാശാല സാധാരണയായി 3 വർഷത്തിലൊരിക്കലാണ് സിലബസ് പരിഷ്കരിക്കുന്നത്. ബി.ടെക്., ബി.ആർക്., എം.ടെക്., കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ്, എൻവിറോൺമെന്റൽ സയൻസ് എന്നീ ബിരുദ ബിരുദാനന്തര കോഴ്സുകളുടെ സിലബസ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പരിഷ്കരിച്ചിട്ടുണ്ട്. എം.സി.എ. കോഴ്സിന്റെ സിലബസ് 2005-06 അദ്ധ്യയന വർഷം

LIBRARY ARCHIVES Kerala Legislative Assembly

പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കണ്ണൂർ സർവ്വകലാശാലയിൽ 2004-ലും കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ 2003-04-ലും പരിഷ്കരിച്ചു. മറ്റ് സർവ്വകലാശാലകളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

എം. ബി. ബി. എസ്. മൂല്യനിർണ്ണയത്തിലെ അപാകത

168 [2290] ഡോ. എം. എ. കുട്ടപ്പൻ:

ശ്രീമതി ശോഭനാ ജോർജ്:

ശ്രീ. വി. ജെ. പൗലോസ്:

„ ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നടത്തിയ ബി.ടെക്. ഫൈനൽ പരീക്ഷ, എം.ബി.ബി.എസ്. മൂന്നാം വർഷ പരീക്ഷ എന്നിവയുടെ ഉത്തരക്കടലാസ് മൂല്യ നിർണ്ണയം ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ വർഷം എത്ര അപേക്ഷകൾ കിട്ടിയെന്ന് വെളിപ്പെടുത്താമോ;

(ബി) ഉത്തരക്കടലാസ് പുനർ മൂല്യനിർണ്ണയം ചെയ്തപ്പോൾ ആദ്യ മാർക്കിൽ നിന്ന് യാതൊരു വ്യത്യാസവുമില്ലെന്ന് എത്ര പേരെ അറിയിച്ചു;

(സി) മാർക്കിൽ വ്യത്യാസമില്ലെന്നറിയിച്ചപ്പോൾ വീണ്ടും മൂല്യനിർണ്ണയം നടത്താനനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ആരെല്ലാം കോടതിയെ സമീപിച്ചു;

(ഡി) കോടതി ഉത്തരവനുസരിച്ച് വീണ്ടും മൂല്യനിർണ്ണയം ചെയ്തപ്പോൾ അവരുടെ മാർക്ക് എത്ര കണ്ട് വർദ്ധിച്ചുവെന്ന് വിശദമാക്കാമോ;

(ഇ) മൂന്നാമത് മൂല്യനിർണ്ണയത്തിൽ മാർക്ക് വർദ്ധിച്ച സാഹചര്യത്തിൽ ആദ്യത്തെ രണ്ട് മൂല്യനിർണ്ണയത്തിലും അപാകത ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ആദ്യത്തെ രണ്ട് മൂല്യനിർണ്ണയം നടത്തിയവരുടെ മേൽ എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly